പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4393 28/06/2012 ൽ മറുപടിയ്ക്ക്

# റീസർവ്വേ പൂർത്തിയാക്കിയ വില്ലേജുകളും താലൂക്കുകളിൽ റീസർവ്വേ സൂപ്രണ്ട് ഓഫീസ് സ്ഥാപിക്കാൻ നടപടിയും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ: | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് റീസർവ്വേ നടപടികൾ പൂർത്തിയാക്കിയ എത്ര വില്ലേജുകൾ ഉണ്ടെന്നും, അവ ഏതൊക്കെയാണെന്നും അറിയിക്കുമോ ; | (എ) (ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പ്രസ്തുത വില്ലേജുകളിൽ റീസർവ്വേ നടപടികൾ പൂർത്തിയാക്കി ബന്ധപ്പെട്ട റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയ തീയതി വെളിപ്പെടുത്തുമോ; | |
| (സി) റീസർവ്വേ നടപടികൾ പൂർത്തീകരിച്ച വില്ലേജുകളിൽ ലാന്റ് റിക്കാർഡുകളിലെ മെയിന്റനൻസിനും, മറ്റു പരാതികൾ പരിഹരിക്കുന്നതിനും നിലവിലുള്ള സംവിധാനം എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (സി) 31/05/2010 ലെ ജി.ഒ (എം. എസ്സ്) 200/10/റവന്യൂ നമ്പർ സർക്കാർ ഉത്തരവ് അനുസരിച്ച് റീസർവ്വേ പൂർത്തിയാക്കിയ എല്ലാ വില്ലേജുകളിലേയും ഭൂപരാതികൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട അഡീഷണൽ തഹസീൽദാർക്ക് ചുമതല നൽകിയിട്ടുണ്ട്. എൽ.ആർ.എം വിഭാഗത്തിലെ നിലവിലുള്ള ജോലികളും പ്രവർത്തനങ്ങളും ഭൂപരാതികൾ പരിഹരിക്കുന്ന ജോലികളും ഏകോപിക്കുമ്പോൾ അധികമായുണ്ടാകുന്ന ജോലി ഭാരത്തിനനുസരിച്ചുള്ള ജീവനക്കാരെ ബന്ധപ്പെട്ട താലൂക്കാഫീസിലേയ്ക്ക് നിയോഗിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കൊല്ലം ജില്ലയിലെ റീസർവ്വേയുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ഭൂമി സംബന്ധിച്ച പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് എല്ലാ താലൂക്കുകളിലും ഒരു റീസർവ്വേ സൂപ്രണ്ട് ഓഫീസും, വില്ലേജ് തലത്തിൽ ഒരു സർവ്വേയറെയും നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ഇ) | പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**